പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 252

# 2020-ലെ കേരള കാർഷിക-ഗാർഹിക മേഖലകളിലെ വന്യജീവി ആക്രമണനിയന്ത്രണ ബിൽ

(ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2020

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 252

# 2020-ലെ കേരള കാർഷിക-ഗാർഹിക മേഖലകളിലെ വന്യജീവി ആക്രമണനിയന്ത്രണ ബിൽ

(ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

277/2020.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 252

# 2020-ലെ കേരള കാർഷിക-ഗാർഹിക മേഖലകളിലെ വന്യജീവി ആക്രമണനിയന്ത്രണ ബിൽ

(ശ്രീ. സി. കെ. ശശീന്ദ്രൻ, എം.എൽ.എ. നോട്ടീസ് നൽകിയത്)

## സംസ്ഥാനത്തെ വനപ്രദേശത്തോട് ചേർന്നു കിടക്കുന്ന കാർഷിക-ഗാർഹിക മേഖലകളിലെ വന്യമൃഗ ആക്രമണംമൂലം നാശമുണ്ടാകുന്ന കൃഷിക്കും മനുഷ്യജീവനും സ്വത്തിനും സംരക്ഷണംനൽകുന്നതിനായി ഒരു ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—സംസ്ഥാനത്തെ വനപ്രദേശങ്ങളോട് ചേർന്നു കിടക്കുന്ന കാർഷിക-ഗാർഹിക മേഖലകളിലെ വന്യമൃഗ ആക്രമണങ്ങൾമൂലം വ്യാപകമായ തോതിൽ കൃഷിനാശം ഉണ്ടാകുന്നതും അവിടങ്ങളിലുള്ള വീടുകൾക്കും സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നാശവും സർവ്വോപരി മനുഷ്യജീവൻ സംരക്ഷിക്കുന്നതിനും അവിടങ്ങളിലെ ആവാസ വ്യവസ്ഥയെ സംരക്ഷിച്ചുകൊണ്ട് ഒരു നിയമം ഉറപ്പ് വരുത്തേണ്ടത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിഒന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമ മുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.—(1) ഈ ആക്ടിന് "2020-ലെ കേരള കാർഷിക-ഗാർഹിക മേഖലകളിലെ വന്യമൃഗ ആക്രമണ നിയന്ത്രണ നിയമം" എന്ന് പേരു പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തിയുണ്ടായിരിക്കുന്നതാണ്.

(3) കേരള സർക്കാർ ഗസറ്റ് വിജ്ഞാപനംമൂലം നിശ്ചയിക്കുന്ന തീയതി മുതൽ ഈ നിയമം പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ നിയമത്തിന്റെ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം:—

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു ;

(ബി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ടത് എന്നർത്ഥമാകുന്നു ;

(സി) "വകുപ്പ്" എന്നാൽ ഈ ആക്റ്റിലെ ഒരു വകുപ്പ് എന്നർത്ഥമാകുന്നു ;

(ഡി) "വിജ്ഞാപനം" എന്നാൽ ഈ ആക്റ്റ് പ്രകാരമുണ്ടാക്കിയ ചട്ടങ്ങൾമൂലം നിർണ്ണയിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു ;

(ഇ) "കാർഷിക മേഖല" എന്നാൽ സംസ്ഥാനത്തെ വനമേഖലയോട് ചേർന്നുള്ള വിവിധ ഭൂമിയിടങ്ങൾ എന്നർത്ഥമാകുന്നു ;

(എഫ്) "ഗാർഹികമേഖല" എന്നാൽ സംസ്ഥാനത്തെ വനമേഖലയോട് ചേർന്നുള്ളതും കൃഷിയിടങ്ങൾക്ക് സമീപമുള്ളതുമായ വാസയോഗ്യമായ വീടും, അനുബന്ധ സ്ഥാപനങ്ങളും എന്നർത്ഥമാകുന്നു ;

(ജി) "ബോർഡ്" എന്നാൽ സംസ്ഥാനത്തെ വനമേഖലയോട് ചേർന്നുള്ള കാർഷിക-ഗാർഹിക മേഖലയിലെയും വന്യമൃഗ ആക്രമണം നിയന്ത്രിക്കുന്നതിനും, ആക്രമണത്തിനിരയാകുന്നവരെ സംരക്ഷിക്കുന്നതിനുമായി രൂപീകരിക്കുന്ന ബോർഡ് എന്നർത്ഥമാകുന്നു ;

(എച്ച്) "താലൂക്ക് ബോർഡ്" എന്നാൽ സംസ്ഥാനത്തെ വനമേഖലയോട് ചേർന്നുള്ള കാർഷിക-ഗാർഹിക മേഖലകളിലെയും വന്യമൃഗങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനും ആക്രമണത്തിനിരയാകുന്നവരെ സംരക്ഷിക്കുന്നതിനുമായി പ്രസ്തുത മേഖലയിലെ താലൂക്ക് അതിർത്തികൾക്കുള്ളിൽ പ്രവർത്തിക്കുന്നതിനായി രൂപീകരിക്കുന്ന ബോർഡ് എന്നർത്ഥമാകുന്നു.

3. <u>കേരള-കാർഷിക-ഗാർഹിക മേഖലകളിലെ വന്യമൃഗ ആക്രമണ നിയന്ത്രണ ബോർഡ് രൂപീകരണം.</u>—സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി നിർദ്ദേശിക്കുന്ന തീയതി മുതൽ പ്രാബല്യത്തോടു കൂടി വനമേഖലയോട് ചേർന്നുള്ള ജനവാസ കേന്ദ്രങ്ങളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും കൃഷിക്കും വന്യമൃഗ ആക്രമണങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനും അവിടങ്ങളിലെ ആവാസ വ്യവസ്ഥയെ പരിപാലിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും "കേരള കാർഷിക-ഗാർഹിക മേഖലയിലെ വന്യമൃഗ ആക്രമണ നിയന്ത്രണ ബോർഡ്" എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

4. ബോർഡിന്റെ ആസ്ഥാനവും അധികാരങ്ങളും.—(1) ബോർഡ് സർക്കാർ ഗസറ്റ് വിജ്ഞാപനത്തിലൂടെ 16 അംഗ ഭരണ സമിതിയെ നിയമിക്കേണ്ടതാണ്.

(2) ബോർഡിലെ അംഗങ്ങൾ;

(എ) പ്രസ്തുത പ്രദേശങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭാ സാമാജികരിൽ സർക്കാർനാമനിർദ്ദേശം വെയ്ക്കുന്ന നാല് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് ;

(ബി) പ്രസ്തുത പ്രദേശങ്ങളെ പ്രതിനിധീകരിക്കുന്ന ജില്ലാ പഞ്ചായത്ത് അംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം നൽകുന്ന മൂന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് ;

(സി) സർക്കാർ നാമനിർദ്ദേശം നൽകുന്ന പരിസ്ഥിതി പ്രവർത്തകൻ/ പ്രവർത്തക എന്നിവരിൽ ഒരു അംഗം ബോർഡിൽ ഉണ്ടായിരിക്കേണ്ടതാണ് ;

(ഡി) സംസ്ഥാന വനം വകുപ്പ് ഡയറക്ടർ - എക്സ്-ഒഫീഷ്യോ;

(ഇ) സംസ്ഥാന കൃഷി വകുപ്പ് ഡയറക്ടർ - എക്സ്-ഒഫീഷ്യോ;

(എഫ്) സംസ്ഥാന റവന്യൂ വകുപ്പ് ഡയറക്ടർ - എക്സ്-ഒഫീഷ്യോ;

(ജി) സംസ്ഥാന ബയോ ഡൈവേഴ്സിറ്റി ഡയറക്ടർ - എക്സ്-ഒഫീഷ്യോ;

(എച്ച്) സംസ്ഥാന തദ്ദേശ സ്വയംഭരണ ഡയറക്ടർ - എക്സ്-ഒഫീഷ്യോ;

(ഐ) സംസ്ഥാന ധനകാര്യ-നിയമ വകുപ്പുകളിൽ നിന്നും ജോയിന്റ് സെക്രട്ടറിയിൽ കുറയാത്ത ഓരോ അംഗങ്ങൾ - എക്സ്-ഒഫീഷ്യോ;

(ജെ) സംസ്ഥാനത്തെ ആദിവാസി ഗോത്ര സമുദായങ്ങളുടെ കോളനികളെ പ്രതിനിധീകരിച്ച് സർക്കാർ നാമനിർദ്ദേശം നൽകുന്ന ഒരു അംഗവും ഉണ്ടായിരിക്കേണ്ടതാണ്.

(3) ബോർഡിലെ അംഗങ്ങളിൽ നിന്നും ഒരാളെ സർക്കാർ ചെയർമാനായി നാമനിർദ്ദേശം ചെയ്യേണ്ടതാണ്. ആക്റ്റിൽ നിർദ്ദേശിക്കുന്ന രീതിയിൽ അതിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരത്തോടെ താഴെപ്പറയുന്ന പ്രകാരം ഭരണം നടത്തേണ്ടതാണ് ;

(എ) സംസ്ഥാനത്തെ വനമേഖലയോടനുബന്ധിച്ചുള്ള ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും സംബന്ധിച്ച് സാറ്റലൈറ്റ് അടക്കമുള്ള അത്യന്താധുനിക സാങ്കേതിക വിദ്യയുപയോഗിച്ച് പ്രസ്തുത മേഖലയുടെ ആവാസ വ്യവസ്ഥ, വിസ്തൃതി എന്നിവ നിർണ്ണയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുക;

(ബി) വന്യമൃഗങ്ങൾ പ്രസ്തുത മേഖലയിലേയ്ക്ക് വരാനിടയാകുന്ന സാധ്യതകൾ കണ്ടെത്തി അവ തടയുന്നതിന് ശാസ്ത്രീയമായും നിയമപരമായും മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുക;

(സി) വന്യജീവികളുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം തട്ടുന്നതരത്തിലുള്ള യാതൊരു വിധ ഇടപെടലുകളും വനത്തിന് പുറത്തുനിന്നും ഉണ്ടാകാതിരിക്കാൻ ബോധവൽക്കരണം നടത്തുക;

(ഡി) പാരിസ്ഥിതിക സൗഹൃദവും ജനപങ്കാളിത്തത്തോടുമുള്ള വന്യജീവി സൗഹൃദ പദ്ധതികൾ ആസൂത്രണം ചെയ്യുക;

(ഇ) പ്രസ്തുത പ്രദേശങ്ങളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക;

(എഫ്) വനാന്തരങ്ങളിൽ വന്യമൃഗങ്ങൾക്ക് കുടിവെള്ള ക്ഷാമവും ഭക്ഷണക്ഷാമവും ഉണ്ടാകാതിരിക്കാൻ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്നോ തനിച്ചോ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക;

(ജി) വന്യമൃഗ ആക്രമണത്തിൽ ജീവൻനഷ്ടപ്പെടുന്നവർക്കും, ആക്രമണത്തിനിരയായവരുടെ കുടുംബങ്ങൾക്കും സാമ്പത്തിക സഹായം ഉറപ്പു വരുത്തുക;

(എച്ച്) വന്യമൃഗങ്ങളുടെ ആക്രമണത്തിനിരയായി പരിക്കുപറ്റിയവർക്ക് ആധുനിക ചികിത്സ നൽകുന്നതിനുള്ള നടപടികൾ ഉറപ്പുവരുത്തുക;

(ഐ) വന്യമൃഗങ്ങളുടെ ആക്രമണത്തെ തുടർന്ന് വീടും, വസ്തുവകകളും, കൃഷിയും നഷ്ടപ്പെട്ടവർക്ക് സമയബന്ധിതമായി നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുക;

(ജെ) വന്യമൃഗ ആക്രമണം തടയുന്നതിനുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ അവലംബിക്കുകയും. അതിനായി സ്ഥിരവും ശാസ്ത്രീയവുമായ നിരീക്ഷണ സംവിധാനങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുക;

(കെ) വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തി പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുക;

(എൽ) ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആവശ്യമെങ്കിൽ വന്യമൃഗ ആക്രമണം നേരിടുന്ന ഓരോ ഗ്രാമ പഞ്ചായത്തിലും ജനപ്രതിനിധികളെയും, പരിസ്ഥിതി പ്രവർത്തകരെയും, വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജനകീയ കമ്മിറ്റികൾ രൂപീകരിക്കാവുന്നതും അങ്ങനെ രൂപീകരിക്കുന്ന കമ്മിറ്റികളുടെ അധികാരവും കർത്തവ്യങ്ങളും ബോർഡിന്റെ പരിപൂർണ്ണ നിയന്ത്രണത്തിന് വിധേയമായിരിക്കേണ്ടതുമാണ് ;

(എം) ഗ്രാമീണ ജനതയെ വന്യമൃഗ ആക്രമണങ്ങളിൽ നിന്നും രക്ഷപ്പെടുത്തു ന്നതിനുള്ള പ്രായോഗിക പരിശീലനങ്ങൾ നൽകുക.

(എൻ) സംസ്ഥാന സർക്കാർ നിർദ്ദേശിക്കുന്നിടത്ത് ബോർഡിന്റെ ആസ്ഥാനം പ്രവർത്തിക്കേണ്ടതാണ്.

5. ഉദ്യോഗസ്ഥരുടേയും, ജീവനക്കാരുടെയും നിയമനങ്ങൾ.—ഈ ആക്ട് പ്രകാരം സർക്കാരിന് ബോർഡിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ബോർഡിനെ സാഹായിക്കുന്നതിന് ഒരു സെക്രട്ടറിയെയും ആവശ്യമെങ്കിൽ അവർ കരുതുന്നത്ര മറ്റു ഉദ്യോഗസ്ഥരേയും നിയമിക്കാവുന്നതാണ്.

6. ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപന ത്തിലൂടെ ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്ന താണ്.

(2) ഈ ആക്ടിൻകീഴിൽ ഉണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം നിയമസഭസമ്മേളനത്തിലായിരിക്കുമ്പോഴോ (ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോ പെടാം) ആദ്യം വെയ്ക്കേണ്ടതും അപ്രകാരം അത് വയ്ക്കുന്ന സമ്മേളനമോ അതിന് തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിന് മുമ്പ് നിയമസഭാ ചട്ടത്തിൽ വല്ല ഭേദഗതിയും വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേ ണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടത്തിന് അതിന് ശേഷം അതത് സംഗതി പോലെ അങ്ങനെ ഭേദഗതി ചെയ്തരൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുന്നതോ അഥവാ യാതൊരു പ്രാബല്യമില്ലാതിരിക്കുന്നതോ ആകുന്നു. എന്നിരുന്നാലും ഇങ്ങനെയുള്ള ഏതെങ്കിലും ഭേദഗതിപ്പെടുത്തലോ ദുർബലപ്പെടുത്തലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തതായ യാതൊന്നിന്റെയും സാധ്യതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാര്യങ്ങളുടെ വിവരണം

സംസ്ഥാനത്തിന്റെ വനപ്രദേശത്തോട് ചേർന്നുള്ള സ്ഥലങ്ങളിൽ ഭൂമിശാസ്ത്രപരമായ പ്രത്യേകതയും അനുകൂലമായ കാലാവസ്ഥയും പരിഗണിച്ച് വലിയതോതിൽ കാർഷിക വൃത്തി നടന്നു വരുന്നതും, അതിന്റെ ഭാഗമായി അവിടങ്ങളിൽ ജനവാസ കേന്ദ്രങ്ങൾ രൂപപ്പെടാനിടയായതും കാർഷിക ജനതയുടെ ജീവിതനിലവാരം മെച്ചപ്പെടുകയും, തത്ഫലമായി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഗുണകരമായിഭവിക്കുകയും ചെയ്തിരുന്നു. എന്നാൽ ആഗോളതാപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഫലമായി കാടിനുള്ളിൽ നിന്നും വന്യമൃഗങ്ങൾ അനിയന്ത്രിതമായി കടന്നു വരുകയും കൃഷിയിടങ്ങളിൽ വലിയതോതിലുള്ള നാശനഷ്ടങ്ങൾ ഉണ്ടാക്കുകയും ജനവാസ കേന്ദ്രങ്ങളിൽ കടന്നുകയറി വീടുകളും അനുബന്ധ സ്ഥാപനങ്ങളും തകർക്കുകയും മനുഷ്യജീവൻ തന്നെ അപായ

പ്പെടുത്തുകയും ചെയ്യുന്ന സംഭവങ്ങൾ ആവർത്തിക്കുകയാണ്. വന്യമൃഗങ്ങൾ കടന്നുവരുന്നത് തടയുന്നതിനായി വനംവകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, മൃഗസംരക്ഷണവും, പരിപാലനവും ഉറപ്പുവരുത്തുന്നതിനും സർവ്വോപരി ജനജീവിതവും കൃഷിയും സംരക്ഷിക്കുന്നതിനും, പ്രസ്തുത മേഖലകളിലെ ആവാസ വ്യവസ്ഥ സംരക്ഷിച്ചു കൊണ്ടും കാലാനുസൃതമായതും ആധുനിക സങ്കേതങ്ങളുടെ സഹായം ഉറപ്പാക്കി കൊണ്ടുള്ളതുമായ പരിസ്ഥിതിയുടെയും ജനങ്ങളുടെയും നിലനിൽപ്പിന് അത്യന്താപേക്ഷിത മായിരിക്കുന്നതിനാൽ നിയമനിർമ്മാണം അനിവാര്യമായിരിക്കുന്നു.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരമുള്ള പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റിന് സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്. ഇതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചു കഴിഞ്ഞാൽ മാത്രമേ കൃത്യമായ സാമ്പത്തിക ബാധ്യത തിട്ടപ്പെടുത്തുവാൻ കഴിയുകയുള്ളൂ. എങ്കിലും സംസ്ഥാനത്താകെയുള്ള വ്യവസ്ഥകൾ പ്രകാരം നിലവിലുള്ള വിവിധ പദ്ധതിക്ക് ചെലവഴിക്കുന്ന തുകയ്ക്ക് പുറമെ ഉദ്ദേശം 80 ലക്ഷം രൂപയുടെ പ്രാരംഭ ചെലവുകൾ സഞ്ചിതനിധിയിൽ നിന്നും പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഇതിലെ വ്യവസ്ഥപ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്ട് അനുസരിച്ച് ഉണ്ടാക്കുന്ന ചട്ടങ്ങൾ സഭയുടെ മുമ്പാകെ വയ്ക്കുവാനും, സഭയ്ക്ക് അത് ഭേദഗതി ചെയ്യുവാനോ റദ്ദാക്കുവാനോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതുമായ കാര്യങ്ങൾക്കോ ആണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവ ത്തോടുകൂടിയതാണ്.

സി. കെ. ശശീന്ദ്രൻ, എം.എൽ.എ.